ക്രസ്റ്റേഷ്യ ഇനത്തിലുള്ള ജീവികൾ, വാൽമാക്രി, ചിലയിനം ഒച്ചുകൾ എന്നിവയാണ് ആഹാരം.

ചതുപ്പുസ്ഥലങ്ങളിൽ പുൽനാമ്പുകൾ കൊണ്ടു കൂടുണ്ടാക്കുന്നു. പുല്ലുകൾ കൊണ്ടുതന്നെ കൂട് മറച്ചുവയ്ക്കുകയും ചെയ്യും. ഒരു തവണ നാലു മുട്ടകൾ വരെ ഇടാറുണ്ട്. മുട്ടകളിൽ തവിട്ടു നിറത്തിലുള്ള പുള്ളികളുണ്ട്.

വേനൽക്കാലത്ത് കാശ്മീർ, ലഡാക്ക്, തിബത്ത് എന്നിവിടങ്ങളിലും യൂറോപ്പിലും ഏഷ്യയുടെ വടക്കൻ പ്രദേശങ്ങളിലും പശ്ചിമ ചൈനയിലും ഇവ കണ്ടുവരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശൈത്യകാലത്ത് ഇന്ത്യ, ശ്രീ ലങ്ക, മ്യാൻമർ, ഈജിപ്ത്, ദ. ആഫ്രിക്ക, തെ.കിഴക്കെ ഏഷ്യ, ഫിലിപ്പൈൻസ് എന്നിവിടങ്ങളിലും കണ്ടുവരുന്നു.

അഞ്ചും എട്ടും മുതൽ മുപ്പതും നാല്പതും അടങ്ങുന്ന ചെറു കൂട്ടങ്ങളായാണു മിക്കപ്പോഴും ഇവ കാണപ്പെടുക. കൊക്കുവർഗത്തിൽപ്പെട്ട മറ്റിനം പക്ഷികളുമായി നീങ്ങുന്നതും അപൂർവമല്ല. 'ടിയു-ടിയു-ടിയു' എന്നും 'ടിയു-ടിയിയിയി-ടിയു' എന്നും ചൂളമിട്ടു കൊണ്ടു പറക്കും.

*ട്രിങ്ഗ നെബുലേറിയ* എന്നു ശാസ്ത്രനാമമുള്ള പച്ചക്കാലി (ഗ്രീൻ ഷാങ്ക്) ക്ക് ചോരക്കാലിയോട് ഏറെ സാദൃശ്യമുണ്ട്. കൊക്കിനു വളവില്ല എന്നതൊഴിച്ചാൽ ഇവയുടെ രൂപം പച്ചക്കാലിയുടേതു തന്നെയാണ്.

ചോരക്കാലി ഉൾപ്പെടുന്ന *ട്രിങ്ഗ (Tringa)* ജീനസിൽപ്പെട്ട മറ്റിനം പക്ഷികളാണ് *ട്രിങ്ഗ എറിത്രോപസ് (Tringa erythropus)*, *ട്രിങ്ഗ സ്റ്റാഗ്നാറ്റിലിസ് (Tringa stagnatilis* - ചതുപ്പൻ), *ട്രിങ്ഗ ഒക്റോപസ് (Tringa ochropus* - കരിമ്പൻ കാടക്കൊക്ക്), *ട്രിങ്ഗ ഗ്ലേറിയോള (Tringa glareola* - പുള്ളിക്കാടക്കൊക്ക്), *ട്രിങ്ഗ സിനീരിയ (Tringa cinerea* - ടെറക് മണലൂതി), *ട്രിങ്ഗ ഹൈപ്പോലൂക്കോസ് (Tringa hypoleucos* - നീർക്കാട) എന്നിവ.

(ഡോ. ആർ. രാജേന്ദ്രൻ)

## ചോരപ്പാലി (Wild Nutmeg)


മിരിസ്റ്റിക്കേസി (Myristicaceae) സസ്യകുടുംബത്തിൽപ്പെട്ട ഒരു വൻ വൃക്ഷം. ശാസ്ത്രനാമം: *മിരിസ്റ്റിക്ക ബഡ്ഡോമി (Myristica beddomei)*. ഇത് മുമ്പ് *മിരിസ്റ്റിക്ക ലാറിഫോളിയ (Myristica laurifolia)* എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വൈൽഡ് നട്ട്മഗ് എന്ന് പൊതുവെ അറിയപ്പെടുന്ന ഈ വൃക്ഷം 1500 മീ. വരെ ഉയരമുള്ള മലകളിലെ നനവാർന്ന നിത്യഹരിത വനങ്ങളിൽ സമൃദ്ധമായി വളരും.

ഇലകൾ ഏകാന്തരന്യാസത്തിൽ ക്രമീകരിച്ചിരിക്കുന്നു. ലഘുവായ ഇലകളുടെ രണ്ടുവശങ്ങളും മിനുസമുള്ളതാണ്. 12-25 സെ.മീറ്ററോളം നീളവും 6-10 സെ.മീറ്ററോളം വീതിയുമുള്ള പത്രഫലകത്തിന് ആയതാകൃതിയാണ്. ഡി.-ജനു. മാസങ്ങളിൽ ഈ വൃക്ഷം പുഷ്പിക്കുന്നു. ആൺപുഷ്പങ്ങളും പെൺപുഷ്പങ്ങളും വെവ്വേറെ വൃക്ഷങ്ങളിലാണ് ഉണ്ടാകുന്നത്. പുഷ്പങ്ങൾ ചെറിയവയും ഏകലിംഗസമമിതങ്ങളുമാണ്. പരിദളപുടത്തിന് മൂന്ന് ഇതളുകളുണ്ട്. 9-10 കേസരങ്ങൾ ഒരു കറ്റയായി ക്രമീകരിച്ചിരിക്കും. ഒറ്റ അറയും ഒറ്റ ബീജാണ്ഡവും മാത്രമുള്ള ഊർധ്വവർത്തി അണ്ഡാശയമാണ് ഇവയ്ക്കുള്ളത്. അണ്ഡാകൃതിയിലുള്ള കായ്കൾ ജൂൺ-ജൂല. മാസത്തോടെ വിളയും. ചുവപ്പുനിറത്തിൽ നൂലുപോലുള്ള കർണിതമായ പത്രികയും ഇതിന്റെ കായ്കൾക്കുണ്ട്.

തടിക്ക് ചുവപ്പുകലർന്ന ചാരനിറമാണ്. ഈടും ബലവും കുറഞ്ഞ ഇതിന്റെ തടി തീപ്പെട്ടിയും പാക്കിങ് കേസുകളും നിർമിക്കാനുപയോഗിക്കുന്നു.

## ചോരസ്രാവ്

നീളം കൂടിയ ഒരിനം സ്രാവ്. പ്ലാജിയോസ്റ്റോമേറ്റ (Plagiostomata) വർഗത്തിന്റെ ഉപവർഗമായ സെലാച്ചോയ്ഡൈ (Selachoidei) യിലെ കർകാരിനിഡെ കുടുംബത്തിൽപ്പെടുന്നു. ശാസ്ത്രനാമം: *ട്രയെനോഡോൺ ഒബ്ടൂസസ് (Triaenodon obtuses)*. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ കണ്ടുവരുന്ന ഇത്തരം സ്രാവുകൾ ഇന്ത്യയിലെയും പാകിസ്താനിലെയും കടലുകളിൽ സർവസാധാരണമാണ്. ആക്രമണത്തിനിരയായി മുറിവേല്ക്കപ്പെട്ടാൽ കൂടിയും ഇവ മനുഷ്യനെ തിരിച്ചാക്രമിക്കാൻ മടിക്കാറില്ല. ഇക്കാരണത്താലാവാം ഇവ ചോരസ്രാവുകൾ എന്ന് അറിയപ്പെടുന്നത്. ബ്ളണ്ട് ഹെഡ് ഷാർക് (Blunt head shark) എന്നും ഇവ അറിയപ്പെടുന്നു.



ചോരസ്രാവ്

ശരീരത്തിനു വാലിനെക്കാൾ നീളക്കൂടുതലുള്ള സ്രാവുകളാണിവ. ചാരനിറത്തിൽ തൂവെള്ള കലർന്ന നിറമാണിവയ്ക്ക്, പ്രത്യേകിച്ചും വാലിന്റെ മേൽഭാഗത്തിന്. മോന്ത ചെറുതും വൃത്താകാരത്തിലുള്ളതുമാണ്. വായ്ക്കു മുന്നിലായി മോന്തയുടെ അഗ്രത്തു ശ്വസനരന്ധ്രങ്ങൾ കാണപ്പെടുന്നു. വായിൽ ചുണ്ടിന്റെ അഗ്രഭാഗത്ത് തടിപ്പുകളുണ്ട്. പല്ലുകൾ $\frac{47-50}{44-46}$ എന്ന കണക്കിനു രണ്ടു വരികളായി കാണാം. ദൃഢമായതും മുനയുള്ളതുമാണു മധ്യവരിപ്പല്ലുകൾ. ഇരുപാർശ്വങ്ങളിലുമായി ചെറിയ ശീതാഗ്രമായ പാർശ്വവരിപ്പല്ലുകളും ഉണ്ട്. നാലുചുറ്റും മുനയോടും മധ്യത്തിൽ ചെറുകുഴിയോടും സ്ഥിതിചെയ്യുന്ന പല്ലിന്റെ വിന്യാസം മേൽ-കീഴ്ത്താടികളിൽ ഒരുപോലെയാണ്. ഭുജപത്രവും (pectoral fin) പൃഷ്ഠപത്രവും (dorsal) പുച്ഛപത്രവും (caudal fin)കാണപ്പെടുന്നു. പുച്ഛപത്രത്തിനു ശരീരത്തിന്റെ മൊത്തം നീളത്തിന്റെ നാലിലൊന്നു നീളമുണ്ട്. വാലിലെതു കൂടാതെ ഇത്തരം സ്രാവുകൾക്കു 128 കശേരുക്കളുണ്ട്.

ചോരസ്രാവുകൾ പ്രസവത്തിലൂടെയാണു കുഞ്ഞുങ്ങൾക്കു ജന്മം നല്കുന്നത്. ഒരു പ്രസവത്തിൽ ഒന്നുമുതൽ അഞ്ചുവരെ കുഞ്ഞുങ്ങളുണ്ടാകും. ജനനസമയത്ത് സു. 45 സെ.മീ. നീളം കാണും. ആൺസ്രാവുകൾ സു. 85 സെ.മീറ്ററും പെൺസ്രാവുകൾ സു. 100 സെ.മീറ്ററും നീളം വയ്ക്കുമ്പോൾ പ്രായപൂർത്തിയിലെത്തുന്നു. സു. 165 സെ.മീ. നീളമുള്ള ചോരസ്രാവുകളെയും കണ്ടെത്തിയിട്ടുണ്ട്.

കടലിനടിയിലെ പവിഴപ്പുറ്റുകളിലും ചെറുതുരങ്കങ്ങളിലും അലസഗമനം നടത്തുന്ന ഇത്തരം സ്രാവുകൾ ചെറുമീനുകൾ, ഞണ്ടുകൾ, കൊഞ്ചുകൾ, നീരാളികൾ എന്നിവയെ ഭക്ഷിക്കുന്നു.

(ഡോ. എ.സി. ഫെർണാണ്ടസ്)

## 'ചോ' രാമസ്വാമി (1934– )

തമിഴ് നടനും പത്ര പ്രവർത്തകനും. 1934 ഒ. 15-ന് ചെന്നൈയിൽ ജനിച്ചു. നിയമ ബിരുദധാരിയായ ചോ ഒരു നാടകകൃത്തുകൂടിയാണ്. തുഗ്ലക് എന്ന മാസികയുടെ പത്രാധിപരാണ്. ഈ മാസികയിലൂടെ നടത്തുന്ന രൂക്ഷമായ രാഷ്ട്രീയ വിമർശനങ്ങളും ഹാസ്യപ്രധാനമായ നാടകങ്ങളും ചോയെ വിവാദ പുരുഷനാക്കിയിട്ടുണ്ട്. നാടക-ചലച്ചിത്രരംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച അനുഗൃഹീത ഹാസ്യനടനാണ് ഇദ്ദേഹം. 165-ഓളം സിനിമകളിൽ അഭിനയിച്ച ചോ 13 ചലച്ചിത്രങ്ങൾക്കു കഥ രചിക്കുകയും നാലു ചിത്രങ്ങൾ സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 25-ഓളം നാടകങ്ങൾ രചിച്ചിട്ടു

'ചോ' രാമസ്വാമി

